ശ്രീ. എം.എം. ഹസ്സൻ: സർ, ആയുർവ്വേദത്തിൽ പോസ്റ്റ് ഗ്രാഡുവേറ്റ് സ്റ്റഡിയും അണ്ടർഗ്രാഡുവേഷനും ഒരുമിപ്പിക്കണമെന്ന നിർദ്ദേശം പരിഗണനയിൽ ഇല്ലായെന്ന് പറഞ്ഞു. ഇത് നിരന്തരമായി ആവശ്യപ്പെടുന്ന ഒരു കാര്യമാണ്. ഇതിനെക്കുറിച്ച് ഗവൺമെൻറ് വളരെ ഗൗരവമായി ആലോചിക്കുമോ?

ശ്രീ. കെ. കരുണാകരൻ: കൗൺസിലിൻെറ നിർദ്ദേശം അണ്ടർ ഗ്രാഡുവേറ്റ് കോഴ്സ് നിലനിൽക്കുന്ന സ്ഥലത്തു മാത്രമേ പോസ്റ്റ് ഗ്രാഡുവേറ്റ് കോഴ്സും തുടങ്ങാവൂ എന്നാണ്. അല്ലാതെ ഇത് സംയോജിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിട്ടില്ല. അതുകൊണ്ട് ഗവൺമെൻറ് പരിഗണിക്കുന്ന പ്രശ്നമേയില്ല.

കാലാവധി അവസാനിക്കാറായ പി.എസ്.സി. റാങ്ക്ലിസ്റ്റുകളിലെ റാങ്ക്ഹോൾഡേഴ്സ്

* 189 [235] ശ്രീ. പി.സി. തോമസ് (കടുത്തുരുത്തി):

,, സി.കെ: ചക്രപാണി:

,, എ.കെ. പത്മനാഭൻ:

ശ്രീമതി കെ.ആർ. ഗൗരി:

ശ്രീ. സി.ടി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷത്തിൽ സർക്കാർ ആഫീസുകളിൽ പുതിയ നിയമനങ്ങളൊന്നും നടത്തേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കാലാവധി അവസാനിക്കാറായ പി.എസ്.സി. റാങ്ക്ലിസ്റ്റുകളിലുള്ള റാങ്ക് ഹോൾഡേഴ്സിൻെറ കാര്യത്തിൽ സർക്കാർ എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ;

(സി) ഇവരുടെ റാങ്ക്ലിസ്റ്റിൻെറ കാലാവധി നീട്ടിക്കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ഇല്ല. എന്നാൽ ഏഴാം പഞ്ചവൽസര പദ്ധതിക്കാലത്ത് സംസ്ഥാനത്തിൻെറ വിഭവസമാഹരണത്തിൻെറ ഭാഗമായി ഉൾപ്പെടുത്തിയ പ്രത്യേക മിതവ്യയ പരിപാടിയനുസരിച്ച് 1-4-1985 മുതൽ അടുത്ത ഒരു വർഷക്കാലത്തേക്ക് തൊഴിൽപരമോ സാങ്കേതികമോ ആയ ജോലികൾക്ക് അനിവാര്യമായതൊഴികെ മറ്റ് തരത്തിൽ പുതിയ അഡീഷണൽ തസ്തികകളും സൃഷ്ടിച്ച് അവയിൽ നിയമനം നടത്തേണ്ടതില്ലെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി), (സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പി.സി. തോമസ് (കടുത്തുരുത്തി): വിവിധ ജോലിയിലേക്ക് ധാരാളം ആളുകളെ ടെസ്റ്റിനു ക്ഷണിക്കുകയും ഇൻറർവ്യൂ നടത്തുകയും റാങ്ക്ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പ്രായപരിധി കഴിയുമെന്നുള്ളതിനാൽ ഇത്തരത്തിൽപ്പെടുന്ന ആളുകളെ കഴിയുന്നതും വേഗം നിയമിച്ചില്ലെങ്കിൽ അവർക്ക് ജോലി നഷ്ടപ്പെടും, ഓപ്പിയിൽ ഒരു ജോലി ലഭിക്കുകയുമില്ല. ഇത് കണക്കിലെടുത്തു കൊണ്ട് ഗവൺമെൻറ് അവരോട് കാണിക്കുന്ന സമീപനം അല്ലെങ്കിൽ നയമെന്താണ്?

ശ്രീ. കെ. കരുണാകരൻ: സ്ഥിരതസ്തികകൾക്ക് ഒഴിവു വന്നാൽ ആ ഡിപ്പാർട്ടുമെൻറിൽ നിന്ന് ആളുകളെ ശുപാർശ ചെയ്യണമെന്ന് പബ്ലിക് സർവ്വീസ് കമ്മീഷനോട് ആവശ്യപ്പെട്ടാൽ പബ്ലിക് സർവ്വീസ് കമ്മീഷൻ ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധപ്പെടുത്തും. അതനുസരിച്ച് നിയമനം നടത്തും. ആ നയത്തിന് യാതൊരു മാറ്റവും വരുത്തിയിട്ടില്ല.

ശ്രീ. പി.സി. തോമസ് (കടുത്തുരുത്തി): കെ.എസ്.ആർ.ടി.സി. യിലേക്ക് രണ്ടുമൂന്നു വർഷം മുമ്പ് ഡ്രൈവേഴ്സ് പോസ്റ്റിലേക്ക് ധാരാളം ആളുകളെ ഇൻറർവ്യൂ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. അവരിൽ പലരും പ്രായപരിധി കഴിയാറായവരാണ്. മറ്റ് ജോലികൾക്ക് ഒന്നും യോഗ്യതയില്ലാത്ത ഡ്രൈവേഴ്സായി മാത്രം ജോലിയിൽ പ്രവേശിക്കാനർഹരായ ഇത്തരം ആളുകളെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചില്ലെങ്കിൽ അവർ ഭാവിയിൽ ഒരു ജോലിയും കിട്ടാതെ ഹതഭാഗ്യരായി തീരും. ഇക്കാര്യം കണക്കിലെടുത്ത് അവരുടെ കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിക്കുന്നത്?

ശ്രീ. കെ. കരുണാകരൻ: അവരെ തൽക്കാലം നിയമിക്കാൻ ഉദ്ദേശിക്കുന്നില്ലെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്.

ശ്രീ. സി.കെ. ചക്രപാണി: ഇന്നത്തെ റാങ്ക് ലിസ്റ്റിന്റെ കാലാവധി മൂന്നു വർഷമാണ്. പട്ടികജാതി പട്ടിക വർഗ്ഗക്കാർക്കു വേണ്ടി പ്രത്യേക പരീക്ഷ നടത്തി കെ.എസ്.ആർ.ടി.സി.യിൽ ഏകദേശം ആയിരത്തിൽ ശിഷ്ടം പേരുടെ ലിസ്റ്റ് വന്നിട്ടുണ്ട്. പക്ഷെ ആ റാങ്ക് ലിസ്റ്റിലെ ആളുകളെ നിയമിക്കാതെ ഡെയ്ലി വേജസായി നിയമിക്കുന്ന സമ്പ്രദായം ഇന്ന് നിലവിലുണ്ട്. അതുകൊണ്ട് പട്ടികജാതി പട്ടിക വർഗ്ഗക്കാരെ സംബന്ധിച്ചിടത്തോളം ഈ റാങ്ക് ലിസ്റ്റിൽ നിന്ന് അവരെ തിരഞ്ഞെടുക്കാനുള്ള പ്രത്യേക നിർദ്ദേശം കൊടുക്കാൻ ഗവൺമെൻറ് തയ്യാറാകുമോ?

ശ്രീ. കെ. കരുണാകരൻ: ബഹുമാനപ്പെട്ട മെമ്പർക്കറിയാം, ഇത് പരിശോധിച്ച് ഓരോ ഡിപ്പാർട്ടുമെൻറിലും നിയമനം നടത്താനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ടെന്നേ. തസ്തികയിൽ ആളുകളെ കിട്ടുന്നില്ലായെന്ന പരാതി ഉണ്ടായിരുന്നു. അതിന് മറ്റു മാർഗ്ഗങ്ങൾ സ്വീകരിക്കാൻവേണ്ടി പബ്ലിക് സർവ്വീസ് കമ്മീഷനുമായി ഡിസ്കസ് ചെയ്തു വേണ്ട നിർദ്ദേശങ്ങളും കൊടുക്കുന്നുണ്ട്.

ശ്രീ. സി.കെ. ചക്രപാണി: ഒരു പ്രത്യേക നിർദ്ദേശം കൊടുത്തിട്ടുണ്ടെന്നു പറഞ്ഞു. കെ.എസ്.ആർ.ടി.സി.-യിൽ ബസ് കണ്ടക്ടർമാരുടെ ഒരു പ്രശ്നം അവശേഷിക്കുകയാണ്, ഈ കാര്യത്തെ സംബന്ധിച്ച് പല പ്രാവശ്യം ഈ ഫ്ലോറിൽ ഞാൻ തന്നെ ഉന്നയിച്ചിട്ടുള്ളതാണ്. പക്ഷെ പ്രശ്നത്തിന് ഇതുവരെ പരിഹാരം

LIBRARY ARCHIVES Kerala Legislative Assembly

കാണാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് കെ. എസ്, ആർ. ടി. സി. കണ്ടക്ടർമാരുടെ പ്രശ്നം അവസാനിപ്പിക്കുവാൻ സത്വര നടപടികളും സ്വീകരിക്കുമോ?

ശ്രീ. കെ. കരുണാകരൻ: കെ. എസ്. ആർ.ടി.സി. യിലെ ഒരു പ്രത്യേകത, ബസ്—ജീവനക്കാർ തമ്മിലുള്ള റേഷ്യോ വർദ്ധനവ് കാരണം പുതുതായി നിയമനങ്ങൾ നടത്താൻ സാദ്ധ്യമല്ലാത്ത ഒരു സ്ഥിതിയാണുള്ളത്. അത് ഈ ചോദ്യത്തിൽ ഉദിക്കുന്നില്ലായെങ്കിൽ കൂടിയും, അവിടെ പുതിയ നിയമനങ്ങൾ നടത്തുന്നത് ഹരിജനങ്ങളെ എടുത്തു കഴിഞ്ഞതിനുശേഷമേ ആകാവൂ എന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. എ.കെ. പത്മനാഭൻ: കാലാവധി കഴിഞ്ഞ റാങ്ക് ലിസ്റ്റ് ഏതെങ്കിലും നീട്ടിക്കൊടുത്തിട്ടുണ്ടോ? ഉണ്ടെങ്കിൽ ഏതു റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടിക്കൊടുത്തിട്ടുണ്ട്?

ശ്രീ. കെ. കരുണാകരൻ: റാങ്ക് ലിസ്റ്റുകളുടെ കാലാവധി ഒരു കൊല്ലമാണ്. പക്ഷെ അത് രണ്ടു വർഷവും മൂന്നു വർഷം വരെയും നീട്ടിക്കൊടുത്തിട്ടുണ്ട്. കഴിഞ്ഞ വർഷം ഈ നിയമനങ്ങൾ നടത്തേണ്ടതില്ലായെന്ന് നിർദ്ദേശം കൊടുത്തതിന്റെ പേരിൽ കിട്ടിയ പരാതിയെ തുടർന്ന് നിലവിലിരുന്ന മുഴുവൻ ലിസ്റ്റുകളുടേയും കാലാവധി താൽക്കാലികമായി മൂന്നു വർഷമായി നീട്ടിക്കൊടുത്തിരുന്നു.

ശ്രീ. എ.കെ. പത്മനാഭൻ: തസ്തികകൾ ഒഴിവു വന്നിട്ട് അത് യഥാസമയം പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിക്കാത്തതു കൊണ്ട് നമ്മുടെ സംസ്ഥാനത്ത് ധാരാളം തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട് എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. കരുണാകരൻ: അങ്ങനെ വളരെയധികം തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. സി.ടി. കൃഷ്ണൻ: പി.എസ്.സി. ടെസ്റ്റ് കഴിഞ്ഞ് നിങ്ങളെ ഇന്ന പോസ്റ്റിൽ നിയമിക്കാം എന്നു പറഞ്ഞ് ചെക്കും കൊടുത്ത് അറിയിക്കുകയും ചെയ്തിട്ട് ജോലിക്കുവേണ്ടി (എൽ.ഡി. ക്ലാർക്കു പോലെയുള്ള "ജോലിയ്ക്കു") ആഫീസുകളിൽ പോകുമ്പോൾ ഒഴിവില്ലായെന്നു പറഞ്ഞ് അവരെ മടക്കി വിടുന്ന അനുഭവം ഉണ്ട്. അത്തരം ആളുകൾക്ക് ഒരു നിശ്ചിത കാലാവധിക്കകത്ത് നിയമനം നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കരുണാകരൻ: അങ്ങനെ ഉറപ്പു നൽകാൻ സാദ്ധ്യമല്ല. വേക്കൻസി അനുസരിച്ച് പബ്ലിക് സർവ്വീസ് കമ്മീഷനോട് ആവശ്യപ്പെട്ടു കഴിഞ്ഞാൽ അവർ ആവശ്യമുള്ള തസ്തികയുടെ എത്രാനും ശതമാനം കൂടുതൽ ആളുകളെ തിരഞ്ഞെടുത്തു ലിസ്റ്റ് പ്രസിദ്ധപ്പെടുത്തും. അങ്ങനെ തിരഞ്ഞെടുക്കുന്ന മുഴുവൻ ആളുകൾക്കും ജോലി കൊടുക്കാൻ സാധിച്ചു എന്നു വരില്ല.

ശ്രീ. സി.ടി. കൃഷ്ണൻ: പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകളെ ജോലിയിൽ നിയമിക്കാതെ, അവർക്കു മുൻഗണന കൊടു

LIBRARY ARCHIVES Kerala Legislative Assembly

ക്കാതെ, അവരെ ലിസ്റ്റിൽനിന്നു മാറ്റാതെ സീനിയോറിറ്റി ഓവർ ടേക്കു ചെയ്തു മറ്റു ചില ആളുകളെ നിയമിക്കാറുണ്ട്. അങ്ങനെ പരാതി കിട്ടിയിട്ടുണ്ട്. അതിനെപ്പറ്റി നടപടിയെടുക്കാമോ?

ശ്രീ. കെ. കരുണാകരൻ: പട്ടികജാതിക്കാരുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്.

ശ്രീ. ഇ.കെ. നായനാർ: ചോദ്യം (എ), ഈ സാമ്പത്തിക വർഷത്തിൽ സർക്കാർ ആഫീസുകളിൽ പുതിയ നിയമനങ്ങളും നടത്തേണ്ടതുണ്ടോ എന്നു ചോദിച്ചു. ഇല്ലാ എന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞത്. എന്നാൽ അതു സത്യവിരുദ്ധമാണെന്നാണ് എന്റെ അഭിപ്രായം. കാരണം, ഫൈനാൻസ് ഡിപ്പാർട്ടുമെന്റിൽ നിന്ന് 1984 ഏപ്രിൽ 16-ാം തീയതി അയച്ച ഒരു ഓർഡർ അനുസരിച്ച് "No additional staff will be recruited for the next one year". Finance Department has strict discipline in the economy. രണ്ടാമത്തേത്, "There will be a ban on creation of new post during the Seventh Five Year Plan period". ഈ രണ്ട് ഓർഡർ നിലനില്ക്കുമ്പോഴാണ് — ഒന്ന് additional staff-നെറ്റും, മറ്റൊന്ന് There will be a ban on creation of new post during the Seventh Plan 7-ാം പ്ലാൻ പീരിഡിൽ ആകെത്തന്നെ ഒരു പുതിയ പോസ്റ്റുമില്ല. ഇങ്ങനെ രണ്ട് ഓർഡർ നില നില്ക്കുമ്പോഴാ ആണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത്, ഈ സാമ്പത്തിക വർഷത്തിൽ സർക്കാർ ആഫീസുകളിൽ പുതിയ നിയമനങ്ങൾ ഒന്നും നടത്തേണ്ടതില്ലായെന്ന്. ഇത്തരം വിരുദ്ധമായ ഒരു നിലപാട് സ്വീകരിക്കാൻ എന്താണ് കാരണം?

ശ്രീ. കെ. കരുണാകരൻ: അതേ ഓർഡറിനെപ്പറ്റി അറിയാവുന്ന മലയാളത്തിൽ പറയാം. ഇംഗ്ലീഷിൽ അത്ര പരിജ്ഞാനമില്ലാത്തതു കൊണ്ട് ഞാൻ അത് വായിച്ചു എന്നേയുള്ളൂ. ഇതിൽ പറയുന്നത്, In that connection it was ordered that no additional staff will be recruited.

"Additional staff will be recruited". That does not mean that the existing vacancies will not be filled up. അതായത് കൂടുതലായിട്ടുള്ള തസ്തികകളും സൃഷ്ടിക്കുക എന്നുള്ളതല്ലാതെ നിലവിലുള്ള തസ്തികകളിൽ നിയമനങ്ങളേ നടത്തുകയില്ലായെന്ന് പറഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് എന്റെ ഉത്തരം ശ്രദ്ധിച്ചിരുന്നുവെങ്കിൽ..... ഈ പ്രത്യേക ഓർഡറിൽ പറയുന്നത് നിലവിലുള്ള വേക്കൻസികളെ സംബന്ധിച്ചല്ല കൂടുതൽ പ്രത്യേക തസ്തികകളും സൃഷ്ടിക്കുന്നതിനെ സംബന്ധിച്ചാണ്. അത് അനുപേക്ഷണീയമായ കാര്യങ്ങളിൽ മാത്രമേ നടത്താവൂ എന്നാണ് ആ ഓർഡർ.

Sri. E.K. Nayanar: That is a new post. There will be no new creation.

Shri. K. Karunakaran: That is true. Existing post is not a new post.

Shri. E. K. Nayanar: You have no reply for the second order!

ഡോക്ടർ കെ.സി. ജോസഫ്: സർ, പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലിരിക്കേ ചില സ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ്

LIBRARY ARCHIVES Kerala Legislative Assembly

എക്സ്ചേഞ്ചിലൂടെ നിയമനം നടത്തിയിരിക്കുന്നു. പി.എസ്.സി. റാങ്ക് ലിസ്റ്റ് വന്നു കഴിഞ്ഞാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു വഴി നിയമനം കിട്ടിയിരിക്കുന്നവരെ വിടുതൽ ചെയ്തുകൊണ്ട് പി.എസ്.സി. റാങ്ക് ലിസ്റ്റിലുള്ളവരെ അവിടെ നിയമിക്കുവാൻ സാധിക്കുമോ?

ശ്രീ. കെ. കരുണാകരൻ: അതാണ്. ഇപ്പോഴത്തെ വ്യവസ്ഥ. അതായത് അതിന് ഒരു പ്രത്യേക തീയതി നിശ്ചയിച്ചിട്ടുണ്ട് ആ തീയതി കഴിഞ്ഞാൽ നിർബന്ധമായും അവരെ പിരിച്ചു വിടണം. അല്ലെങ്കിൽ അതിനുത്തരവാദിയായ ഉദ്യോഗസ്ഥൻമാരുടെ ശമ്പളത്തിൽ പിടിക്കണമെന്നാണ് വ്യവസ്ഥ. എന്തായാലും ശരി പബ്ലിക് സർവ്വീസ് കമ്മീഷൻ തെരഞ്ഞെടുക്കുന്നവർ വന്നു കഴിഞ്ഞാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് നിയമനം ലഭിച്ചവർ പോയിക്കൊള്ളണം. അത് കർശനമായും നടപ്പിലാക്കുവാൻ നടപടികളെടുത്തിട്ടുണ്ട്.

ശ്രീ. ഇ. പത്മനാഭൻ: പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധിയെപ്പറ്റി പറയുമ്പോഴും പബ്ലിക് സർവ്വീസ് കമ്മീഷനും ഇങ്ങനെ കാലാവധിയല്ല നിശ്ചയിച്ചിട്ടുള്ളത്, അടുത്ത റാങ്ക് ലിസ്റ്റ് വരുമ്പോഴും നിലവിലുള്ള റാങ്ക് ലിസ്റ്റ് ലാപ്സാകുന്ന ഒരു സ്ഥിതിയാണ് ഉള്ളത്. ഇവിടെ ഡിപ്പാർട്ടുമെന്റ് ആവശ്യപ്പെട്ടാൽ മാത്രമേ റിക്രൂട്ട്മെന്റ് നടത്തുകയുള്ളു. എന്നാൽ ആയിരക്കണക്കിന് ജീവനക്കാരുള്ള വകുപ്പുകളിലും തസ്തികകളിലും വർഷം തോറും പത്തും പതിനഞ്ചും വേക്കൻസി വരുമെന്നുള്ളത് ഒരു വസ്തുതയായിരിക്കെ വേക്കൻസി കാണിക്കാതെയോ റിക്വിസിഷൻ വരാതെയോ കൃത്യമായി റിക്രൂട്ട്മെന്റ് നടത്താനും പുതിയ ലിസ്റ്റ് വരുന്നതുവരെ പഴയ ലിസ്റ്റിനെ നില നിർത്താനും വേണ്ടിയുള്ള ഒരു സംവിധാനമുണ്ടാക്കിക്കൊണ്ട് ലിസ്റ്റ് ഇല്ലാതെയും നിയമിക്കാതെയും ഉള്ള പ്രതിസന്ധിക്ക് ഒരു പരിഹാരം കാണാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. കരുണാകരൻ: ഓരോ ഡിപ്പാർട്ടുമെന്റിലും ഓരോ വർഷവും ഇത്ര തസ്തിക ഒഴിവു വരും എന്ന് കാലേക്കൂട്ടി അറിയാം. അതനുസരിച്ചാണ് അടുത്ത വർഷത്തേക്ക് ഇത്രയും തസ്തികയിൽ ഒഴിവു വരുമെന്ന് കണക്കാക്കി പബ്ലിക് സർവ്വീസ് കമ്മീഷനോട് ശുപാർശ ചെയ്യുന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് പബ്ലിക് സർവ്വീസ് കമ്മീഷൻ തെരഞ്ഞെടുക്കുന്നത്. ആ ലിസ്റ്റിന്റെ കാലാവധി ഒരു വർഷമാണ്. പക്ഷെ ബഹുമാനപ്പെട്ട പല അംഗങ്ങളും ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ചില പ്രത്യേക സാഹചര്യങ്ങളിൽ നിയമനം നടക്കാതെ വന്ന ഒരു വർഷം നിയമനം നടത്താത്തത് അവരുടെ കുറ്റം കൊണ്ടല്ല. അതിന് ഒരു പീരീഡ് നിശ്ചയിച്ചിട്ടുണ്ട്. ഓരോ വർഷവും വരുന്ന വേക്കൻസി കണക്കാക്കി തന്നെയാണ് നടപടി സ്വീകരിക്കുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: ദീർഘകാലം താല്ക്കാലിക ജീവനക്കാരായി സർവ്വീസിൽ തുടരുകയും പിന്നീട് അവർക്ക് പി.എസ്.സി. മുഖേന നിയമനം ലഭിക്കാൻ കഴിയാത്ത സാഹചര്യം വരികയും പ്രായ പരിധി ഉൾപ്പെടെയുള്ളത് കഴിയുകയും ദീർഘകാലം സർവ്വീസുമുള്ള താല്ക്കാലിക ജീവനക്കാരെ പെർമനന്റ് ആക്കാ

LIBRARY ARCHIVES Kerala Legislative Assembly

നുള്ള വല്ല നടപടിയും ഗവൺമെൻറിന്റെ ഭാഗത്ത് നിന്ന് സ്വീകരിക്കാമോ?

ശ്രീ. കെ. കരുണാകരൻ: അങ്ങനെ ആലോചനയില്ല.

ശ്രീ. ടി.പി. പീതാംബരൻ മാസ്റ്റർ: റാങ്ക് ലിസ്റ്റ് പൂർത്തിയാകുന്നതിനു മുമ്പ് രണ്ടാമത്തെ ലിസ്റ്റിനു വേണ്ടി പരീക്ഷ നടത്തുന്നു. ഇവിടെ പറഞ്ഞുകേട്ട സ്ഥിതി അനുസരിച്ചു തന്നെ ഈയിടെ പുതിയ പോസ്റ്റ് ഉണ്ടാക്കാൻ പാടില്ലായെന്ന് ഗവൺമെൻറ് നിർദ്ദേശിച്ചിരിക്കുന്നു. ഉള്ള പോസ്റ്റിൽ ഒഴിവു വരുന്നതിൽ പോലും നിയമനം നടത്തുന്നില്ല. റാങ്ക് ലിസ്റ്റ് ഉള്ള സ്ഥലത്തു തന്നെ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് വഴി ആളുകളെ ജോലി ചെയ്തുവരുന്നു. ഇത്തരം പല കാരണങ്ങളാൽ റാങ്ക് ലിസ്റ്റിൽ നിന്ന് ആളുകളെ നിയമിക്കാൻ അസൗകര്യം വന്ന പശ്ചാത്തലത്തിൽ, തൊഴിലില്ലായ്മ രൂക്ഷമായിരിക്കുന്ന സാഹചര്യത്തിൽ വീണ്ടും പരീക്ഷ എഴുതാനുള്ള ബുദ്ധിമുട്ട് പരിഗണിച്ച് ഒരിക്കൽ റാങ്ക് ലിസ്റ്റ് ഉണ്ടാക്കിയാൽ ആ ലിസ്റ്റ് തീരുന്ന മുറയ്ക്ക് മാത്രം അടുത്ത ലിസ്റ്റ് ഉണ്ടാക്കുവാൻ ഒരു തീരുമാനം എടുക്കാൻ കഴിയുമോ?

ശ്രീ. കെ. കരുണാകരൻ: അത് പ്രയാസമാണ്. കാരണം, ഒരു റാങ്ക് ലിസ്റ്റ് തയ്യാറാക്കുമ്പോൾ അവരുടെ മെറിറ്റ് അനുസരിച്ചാണ് തയ്യാറാക്കുന്നത്. അവരെക്കാൾ കൂടുതൽ മെറിറ്റുള്ള ആളുകൾക്ക് അവസരം നിഷേധിക്കാൻ പാടില്ല എന്നുള്ളതുകൊണ്ട് റാങ്ക് ലിസ്റ്റ് അനിശ്ചിത കാലത്തേയ്ക്ക് തുടരാൻ സാദ്ധ്യമല്ല.

ശ്രീ. സ്റ്റീഫൻ പാദുവ: കെ.എസ്.ഇ.ബി. യിലേക്ക് പി.എസ്.സി. യിൽ നിന്ന് ഏതാനും അസിസ്റ്റൻറ് ഇലക്ട്രിക്കൽ എഞ്ചിനീയർമാരെ തെരഞ്ഞെടുത്ത് റാങ്ക് ലിസ്റ്റ് തയ്യാറാക്കി കഴിഞ്ഞിട്ട് മാസങ്ങൾ കഴിഞ്ഞു. എന്തുകൊണ്ടാണ് അവരിൽ നിന്നും ഒരാളെയെങ്കിലും നിയമിക്കാത്തതെന്ന് സദയം പറയാമോ?

ശ്രീ. കെ. കരുണാകരൻ: അതിനെക്കുറിച്ച് അന്വേഷിക്കാം

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

പകർച്ചവ്യാധിമൂലം മരണമടഞ്ഞവർ

* 190 [236] ശ്രീ. കെ.റ്റി. കുമാരൻ:
,, എം.കെ. കേശവൻ:
,, കെ. വി. സുരേന്ദ്രനാഥ്:
,, വി.കെ. രാജൻ:

ഡോക്ടർ എം. സുബ്ബറാവു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അതിവർഷവും, വെള്ളപ്പൊക്കവും ഉണ്ടായ സന്ദർഭത്തിൽ സംസ്ഥാനത്ത് എവിടെയെങ്കിലും പകർച്ചവ്യാധി മൂലം മരണം സംഭവിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly